**പതിമൂന്നാം കേരള നിയമസഭ**
**പതിനാലാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത**
**ചോദ്യംനമ്പർ - 5867**

**30/07/2015 ൽ**
**മറുപടിയ്ക്ക്**

## ഗ്രാമവ്യവസായ മേഖലയിലെ നേട്ടങ്ങൾ

**ചോദ്യം**
**ശ്രീ.തേറമ്പിൽ രാമകൃഷ്ണൻ**
**ശ്രീ.പാലോട് രവി**
**ശ്രീ.എം.പി.വിൻസെന്റ്**
**ശ്രീ.സണ്ണി ജോസഫ്**

**ഉത്തരം**
**ശ്രീ.സി.എൻ.ബാലകൃഷ്ണൻ**
**(സഹകരണവും ഖാദി ഗ്രാമ വ്യവസായവും വകുപ്പ് മന്ത്രി)**

| | |
|---|---|
| (എ) ഈ സർക്കാരിന്റെ കാലത്ത് ഗ്രാമ വ്യവസായ മേഖലയിൽ എന്തെല്ലാം നേട്ടങ്ങൾ കൈവരിച്ചിട്ടുണ്ട്; | (എ) ഈ സർക്കാരിന്റെ കാലത്ത് ഗ്രാമവ്യവസായ മേഖലയിൽ കേരള ഖാദി ഗ്രാമ വ്യവസായ ബോർഡ് ആവിഷ്കരിച്ച 'എന്റെ ഗ്രാമം' പദ്ധതി നടപ്പിലാക്കി. ഇതു വഴി 2437 തൊഴിലവസരം സൃഷ്ടിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. കേന്ദ്ര ഗവൺമെന്റിന്റെ ഗ്രാമീണ തൊഴിൽദായക പദ്ധതിയായ പി.എം.ഇ.ജി.പി (പ്രധാനമന്ത്രിയുടെ പ്രത്യേക തൊഴിൽ ദായക പദ്ധതി) പ്രകാരം 1534 ഗ്രാമ വ്യവസായ യൂണിറ്റുകൾ സ്ഥാപിക്കപ്പെട്ടിട്ടുണ്ട്. ഇത് പ്രകാരം 12088 പേർക്ക് തൊഴിലവസരങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്. |
| (ബി) ഗ്രാമ വ്യവസായമേഖലയിൽ തൊഴിലവസരം, സബ്സിഡി നൽകൽ എന്നീ കാര്യങ്ങളിൽ എന്തെല്ലാം ആശ്വാസ നടപടികൾ സ്വീകരിച്ചിട്ടുണ്ട്;<br>(സി) ഇതിനായി എന്തെല്ലാം പദ്ധതികളാണ് ഭരണതലത്തിൽ നടപ്പാക്കിയത്? | (ബി) & (സി) പ്രധാനമന്ത്രിയുടെ പ്രത്യേക തൊഴിൽ ദായക പദ്ധതിയിൻ കീഴിൽ 3363.82 ലക്ഷം രൂപയും എന്റെ ഗ്രാമം പദ്ധതിയിൻ കീഴിൽ 672.50 ലക്ഷം രൂപയും ഉൾപ്പെടെ ഈ സർക്കാരിന്റെ കാലത്ത് 4036.32 ലക്ഷം രൂപ സബ്സിഡിയായി നൽകി. 14525 തൊഴിലവസരം സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ